Email:
contact.seckerala@gmail.com
electionker@gmail.com

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

www.sec.kerala.gov.in

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

26th October 2015

## സംസ്ഥാനതല നോഡൽ ഓഫീസർ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പൊതുതിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് തിരഞ്ഞെടുപ്പ് ഫലം ഓൺലൈനായി ലഭ്യമാക്കുന്ന പദ്ധതിയുടെ സംസ്ഥാനതല നോഡൽ ഓഫീസറായി സംസ്ഥാന ഐ.ടി. മിഷൻ ഡയറക്ടർ കെ. മുഹമ്മദ് വൈ. സഫറുള്ളയെ നിയമിച്ചു. ജില്ലാതല നോഡൽ ഓഫീസറന്മാരായി അതത് അഡീഷണൽ ജില്ലാ മജിസ്ട്രേറ്റുമാരെയും നിയമിച്ചതായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു.

*(എസ്.ഇ.സി. 136/2015)*

## തിരഞ്ഞെടുപ്പ് ഡ്യൂട്ടിയുള്ളവർക്കെല്ലാം പോസ്റ്റൽ ബാലറ്റ് – സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് തിരഞ്ഞെടുപ്പ് ജോലികൾക്കായി നിയോഗിക്കപ്പെട്ടവർക്കെല്ലാം പോസ്റ്റൽ ബാലറ്റ് അനുവദിക്കുമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു. തപാൽമാർഗ്ഗം വോട്ട് രേഖപ്പെടുത്താൻ ആഗ്രഹമുള്ള തിരഞ്ഞെടുപ്പ് ഡ്യൂട്ടിയിലുള്ള സമ്മതിദായകൻ വോട്ടെടുപ്പ് തീയതിക്ക് ഏഴ് ദിവസം മുമ്പോ അല്ലെങ്കിൽ വരണാധികാരി അനുവദിക്കുന്ന കാലാവധിക്കു മുമ്പോ വരണാധികാരിയ്ക്ക് അപേക്ഷ നൽകണം. പോളിംഗ് ഡ്യൂട്ടിയ്ക്ക് നിയോഗിക്കപ്പെടുന്ന ഓഫീസർമാർക്ക് പുറമേ പോളിംഗ് ദിവസം തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് മറ്റ് പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനിലെ മുഴുവൻ ജീവനക്കാർക്കും പോസ്റ്റൽ ബാലറ്റ് പേപ്പറുകൾ നൽകും. കൂടാതെ ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസുകളിലേയും പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവയിലേയും ഇലക്ഷൻ വിഭാഗം ജീവനക്കാർക്കും വരണാധികാരി, ഉപ വരണാധികാരി എന്നിവരുടെ ഓഫീസുകളിലെ ഇലക്ഷൻ വിഭാഗം ജീവനക്കാർക്കും നിരീക്ഷകൻ, സെക്ടറൽ ഓഫീസർമാർ, തിരഞ്ഞെടുപ്പ് ഡ്യൂട്ടികളിൽ നിയോഗിക്കപ്പെടുന്ന പോലീസ് ഉദ്യോഗസ്ഥർ എന്നിവർക്കും ആവശ്യാനുസരണം ബാലറ്റ് പേപ്പറുകൾ നൽകുന്നതാണ്. തിരഞ്ഞെടുപ്പ് ഡ്യൂട്ടിയിൽ ഏർപ്പെടുന്ന ജീവനക്കാരെ അതിലേയ്ക്ക് നിയോഗിച്ചുകൊണ്ട് ബന്ധപ്പെട്ട ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ, ജില്ലാ പോലീസ് മേധാവി, വരണാധികാരികൾ എന്നിവർ യഥാസമയം ഉത്തരവിറക്കണമെന്നും കമ്മീഷൻ നിർദ്ദേശിച്ചു.

*(എസ്.ഇ.സി. 137/2015)*

## ശാരീരിക വൈകല്യമുള്ളവർക്ക് വോട്ട് രേഖപ്പെടുത്താൻ പ്രത്യേക സൗകര്യം

അന്ധതയോ മറ്റ് ശാരീരികാവശതകളോ ഉള്ളവർക്ക് വോട്ട് ചെയ്യാൻ പ്രത്യേക സൗകര്യം ഏർപ്പെടുത്തുമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു. ഇലക്ട്രോണിക് വോട്ടിംഗ് യന്ത്രത്തിലെ ബാലറ്റ് യൂണിറ്റിലെ ചിഹ്നം തിരിച്ചറിയുന്നതിനോ പരസഹായം കൂടാതെ വോട്ട് രേഖപ്പെടുത്തുന്നതിനോ സാധിക്കാത്തവർക്ക് 18 വയസ്സിൽ കുറയാത്ത പ്രായമുള്ള ഒരു വ്യക്തിയെ വോട്ട് രേഖപ്പെടുത്താൻ കൂടെ കൊണ്ടു പോകാം. സഹായിയായി പോകുന്നയാൾ മറ്റൊരു സമ്മതിദായകന്റെ സഹായിയായി ഒരു പോളിംഗ് സ്റ്റേഷനിലും പ്രവർത്തിച്ചിട്ടില്ലെന്നും സമ്മതിദായകനുവേണ്ടി താൻ രേഖപ്പെടുത്തിയ വോട്ടിന്റെ രഹസ്യസ്വഭാവം കാത്ത് സൂക്ഷിച്ചുകൊള്ളാമെന്നും രേഖാമൂലം ഉറപ്പ് നൽകണം.

സ്ഥാനാർത്ഥികൾക്കോ തിരഞ്ഞെടുപ്പ് ഏജന്റിനോ ഏതെങ്കിലും ഒരു സമ്മതിദായകന്റെ സഹായിയായി പ്രവർത്തിക്കാം. എന്നാൽ പ്രൈസൈഡിംഗ് ഓഫീസറോ മറ്റേതെങ്കിലും പോളിംഗ് ഓഫീസറോ സമ്മതിദായകരുടെ സഹായിയാകാൻ പാടില്ല. ശാരീരികാവശതയുള്ളവരെ ക്യൂവിൽ നിർത്താതെ പ്രത്യേകമായി പോളിംഗ് സ്റ്റേഷനിലേയ്ക്ക് പ്രവേശിപ്പിക്കേണ്ടതാണെന്നും തിരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു.

*(എസ്.ഇ.സി. 138/ /2015)*